**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **10-10-2024 - ൽ മറുപടിയ്ക്ക്**

**റോഡുവികസനത്തിനു കേന്ദ്രസർക്കാരിനു നൽകിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട്-മുത്തങ്ങ ദേശീയപാത വികസനത്തിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോഴിക്കോട് മുത്തങ്ങ ദേശീയപാത 766, വികസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തോട് ആവശ്യപ്പെട്ടിരുന്നു. പദ്ധതിക്കുള്ള ഡി പി ആർ തയ്യാറാക്കുന്നതിനായി കോഴിക്കോട് മുതൽ പുതുപ്പാടി വരെയുള്ള ഭാഗത്തേക്ക് M/s Mukesh Associates നെയും പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള ഭാഗത്തേക്ക് M/s L&T Infrastructure Engineering Ltd. എന്ന കൺസൾട്ടന്റിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരംഭത്തിൽ നടപ്പാതകളോടു കൂടി രണ്ടു വരിപ്പാതയായി വികസിപ്പിക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. ഇതിനുള്ള അലൈൻമെന്റ് കൺസൾറ്റന്റ് തയ്യാറാക്കി നൽകിയത് കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയം അംഗീകരിക്കുകയും , 3 (a) ഗസറ്റ് നോട്ടിഫിക്കേഷനും 3(A) നോട്ടിഫിക്കേഷനും പ്രസിദ്ധീകരിക്കുകയും 3(D) യുടെ പ്രവർത്തനങ്ങൾ നടന്നു വരുകയുമായിരുന്നു. എന്നാൽ നിലവിലെ ട്രാഫിക് കണക്കിലെടുത്ത് 4 വരിപ്പാതയായി വികസിപ്പിക്കുന്നതിന് തീരുമാനിക്കുകയും അത് പ്രകാരം പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് അനുമതി നൽകണം എന്നാവശ്യപ്പെട്ട് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | താമരശ്ശേരി ചുരത്തിലെ വളവുകളുടെ വീതികൂട്ടാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | താമരശ്ശേരി ചുരത്തിലെ 3 ഹെയർ പിൻ വളവുകളുടെ (Hair pin bends 6,7,8) വീതി കൂട്ടുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തോട് ആവശ്യപ്പെട്ടിരുന്നു. ഈ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ ആന്വൽ പ്ലാൻ |

| | | | |
|---|---|---|---|
| | | | 2023 -24 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഈ പ്രവൃത്തിയുടെ DPR ഉം 35.487 കോടി രൂപയുടെ കോസ്റ്റ് എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട് . ഇതിന് അനുമതി നൽകണം എന്നാവശ്യപ്പെട്ട് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | കൽപ്പറ്റ ബൈപാസ് നവീകരണം സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ; അതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കൽപ്പറ്റ ബൈപ്പാസ് നവീകരണത്തിനുള്ള പ്രൊപ്പോസലും കേന്ദ്ര സർക്കാരിന്റെ ആന്വൽ പ്ലാൻ 2023-24 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഈ പ്രവൃത്തിയുടെ DPR ഉം 95.36 കോടി രൂപയുടെ കോസ്റ്റ് എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് .ഇതിന് അനുമതി നൽകണം എന്നാവശ്യപ്പെട്ട് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ